# 67

# ക്രിസ്തുവിനെ ക്രൂശിക്കൽ

## (27:32- 56)

ഭൂമിയിലെ തന്റെ ദൗത്യം നിറവേറ്റുവാൻ യേശുവിനു സമയമായിരുന്നു, മനുഷ്യവർഗത്തിനായി അവൻ യാഗമായി തീരുക എന്നതായിരുന്നു അത് (20:28 നോക്കുക). അനേകരുടെ പാപമോചനത്തിനായി അവന്റെ രക്തം ചിന്തേണ്ടതിനുള്ള സ്ഥലത്തേക്ക് പടയാളികൾ അവനെ കൊണ്ടുപോയി.

അവർ ഗോൽഗോഥയിലെത്തിയപ്പോൾ, അവർ അവനെ ക്രുശിൽ കിടത്തി ആണിയടിച്ചു. "യെഹൂദന്മാരുടെ രാജാവ്" എന്ന കുറ്റവും അവന്മേൽ എഴുതി. കടന്നുപോയവരും, യെഹൂദ മതാദ്ധ്യക്ഷന്മാരും, അവനോടുകൂടെ ക്രൂശിച്ച രണ്ടു കള്ളന്മാരും അവനെ നിന്ദിച്ചു. യേശു അവസാനം ആത്മാവിനെ ഏൽപിച്ചുകൊടുത്തു.

യേശുവിനെ ക്രൂശിൽ തറെച്ചപ്പോഴും അവന്റെ മരണസമയത്തും ധാരാളം അമാനുഷ സംഭവങ്ങൾ നടന്നിരുന്നു. മൂന്നു മണിക്കുറോളം ഇരുട്ട്, ഭൂകമ്പം, വിശുദ്ധന്മാരുടെ പുനരുത്ഥാനം, ദൈവാലയ തിരശില കീറിപ്പോയി എന്നിവ അപ്പോൾ സംഭവിച്ചിതായിരുന്നു.

### ക്രൂശിലേക്കുള്ള യാത്ര (27:32)

**32അവർ പോകുമ്പോൾ ശിമോൻ എന്നു പേരുള്ളോരു കുറേനക്കാരനെ കണ്ടു. അവന്റെ ക്രൂശ് ചുമപ്പാൻ നിർബ്ബന്ധിച്ചു.**

**വാക്യം 32.** "തന്റെ തന്നെ ക്രൂശ് ചുമപ്പിച്ച്" യേശുവിനെ ദൂരെ കൊണ്ടുപോയി (യോഹ. 19:17). "ക്രൂശ്" എന്ന വാക്ക് (*സ്റ്റൗറോസ്*) കുത്തനെയും വിലങ്ങനെയും യോജിക്കുന്ന തടികൊണ്ടുള്ളതാണ് (*പാറ്റിബുലം*), പലപ്പോഴും പറയാറുള്ള ലംബമായത് ഉൾപ്പെടുന്നില്ല (*സ്റ്റൈപ്പ്സ്*).[1] യേശുവിനെ പോലെ ബലഹീനനായ ഒരാൾക്ക് അപ്പോൾ കുരിശ് മുഴുവൻ ചുമന്നു കൊണ്ടുപോകുക പ്രയാസമാണ്.

ക്രൂശിക്കപ്പെടുന്ന ആൾ അയാളുടെ ക്രൂശിന്റെ ഒരു ഭാഗം ചുമന്നു കൊണ്ടുപോകുന്നത് പതിവായിരുന്നു. ഗ്രീക്ക് ചരിത്രകാരനായിരുന്ന പ്ലൂടാർക് എഴുതി, "ക്രൂശിക്കുവാൻ കൊണ്ടുപോകുന്ന ഏതൊരു കുറ്റവാളിയും തന്റെ ക്രൂശ് പുറകിൽ ചുമന്നിരിക്കണം."[2]

സ്പഷ്ടമായും, യേശുവും പടയാളികളും **യെരുശലേമിൽനിന്നാണ് വരുന്നത്**. ആ ക്രൂശിന്റെ ഘനം യേശുവിന് ചുമക്കുവാൻ വഹിയാതിരുന്നു. അവൻ രാത്രി മുഴുവൻ ഉറങ്ങാതെയും ഒന്നും ഭക്ഷിക്കാതെയും പാനം ചെയ്യാതെയുമായിരിക്കാം വന്നത്. പടയാളികൾ അടിച്ചപ്പോൾ രക്തം കുറെ നഷ്ടപ്പെട്ടിരിക്കാം. അവൻ വഹിച്ച ക്രൂശിന്റെ ഭാരം നിമിത്തം അവൻ വീണുപോയെന്ന് സുവിശേഷ എഴുത്തുകാരാരും പറഞ്ഞിട്ടില്ല. ആ അവസ്ഥയിൽ അവൻ വീഴാതെ ക്രൂശ് ചുമന്ന് അത്രയും ദൂരം നടക്കുക പ്രയാസം തന്നെയാണ്.

അതിനായി പടയാളികൾ **ഒരു മനുഷ്യനെ കണ്ടു ... അവന്റെ പേർ ശിമോൻഎന്നായിരുന്നു, അവനെ ക്രൂശ് ചുമപ്പാൻ നിർബ്ബന്ധിച്ചു.** തങ്ങളുടെ ചുമട് ഒരു മൈൽ ചുമക്കുന്നതിന് യെഹൂദന്മാരെ നിർബ്ബന്ധിക്കുവാൻ റോമൻ പടയാളികൾക്ക് അധികാരമുണ്ടായിരുന്നു. യേശുവിന്റെ പ്രസ്താവനയായ “ആരെങ്കിലും നിങ്ങളോടുകൂടെ ഒരു മൈൽ നടക്കുവാൻ ആവശ്യപ്പെട്ടാൽ രണ്ട് അവനോടുകൂടെ പോക” എന്നതിനു പിന്നിൽ നിൽക്കുന്നതായിരുന്നു ആ പരിശീലനം (5:41 ന്റെ പരാമർശം നോക്കുക).

മിസ്രയിമിനു പടിഞ്ഞാറുള്ള വടക്കെ ആഫ്രിക്കയിൽ സ്ഥിതി ചെയ്തിരുന്ന **കുറേനക്കാരനായിരുന്നു** ശിമോൻ. രണ്ട് നിയമങ്ങൾക്കിടക്കുള്ള കാലയളവിൽ വലിയൊരു കൂട്ടം യെഹൂദന്മാർ കുറേനയിൽ താമസിച്ചിരുന്നു.[3] പ്രവൃത്തികളുടെ പുസ്തകത്തിൽ നമ്മോട് പറഞ്ഞിരിക്കുന്നത് പെന്തെകൊസ്തു നാളിൽ സഭ സ്ഥാപിച്ചപ്പോൾ, അന്ന് യെരുശലേമിൽ വന്നുകൂടിയവരിൽ കുറേനക്കാരും ഉണ്ടായിരുന്നു എന്നാണ് (പ്രവൃ. 2:10). കുറേനയിൽനിന്നും മറ്റു സ്ഥലങ്ങളിൽനിന്നും വന്നവർ യെരൂശലേമിൽ പള്ളി പണിതതായും നാം പ്രവൃത്തികളുടെ പുസ്തകത്തിൽ വായിക്കുന്നു (പ്രവൃ. 6:9). ശിമോനും യെരുശലേമിൽ പെസഹാ പെരുന്നാൾ ആഘോഷിപ്പാൻ വന്ന തീർത്ഥാടകരിൽ പെട്ടവനായിരുന്നേക്കാം, അല്ലെങ്കിൽ, അവൻ കുടുംബമായി അവിടെ വന്നു താമസിക്കുകയാവാം. “യാത്രയിൽ കടന്നുപോകുന്നവനായിരുന്നു” ശിമോൻ എന്ന് മർക്കൊസ് പറയുന്നു, അവൻ “അലക്സാണ്ടറിന്റേയും രൂഫോസിന്റെയും അപ്പനായിരുന്നു” എന്നും പറയുന്നു (മർ. 15:21; ലൂക്കൊ. 23:26 നോക്കുക). വായനക്കാർക്ക് പരിചയമില്ലെങ്കിൽ പിന്നെ അവരെ കുറിച്ച് അവൻ പറഞ്ഞതെന്തിനാണ്? പൗലൊസ് റോമർ 16:13–ൽ ഒരു രൂഫോസിനെ കുറിച്ചു പറയുന്നുണ്ട്, അവൻ മർക്കൊസ് പറഞ്ഞ മനുഷ്യൻ തന്നെയായിരിക്കുവാനാണ് സാധ്യത.

## സ്ഥലം (27:33, 34)

**33തലയോടിടം എന്നർത്ഥമുള്ള ഗൊൽഗോഥാ എന്ന സ്ഥലത്ത് എത്തിയപ്പോൾ 34അവന്നു കൈപ്പ് കലക്കിയ വീഞ്ഞു കുടിപ്പാൻ കൊടുത്തു. അതു രുചി നോക്കിയാറെ അവന്നു കുടിപ്പാൻ മനസായില്ല.**

**വാക്യം 33.** ക്രൂശിൽ തറെക്കുന്ന സ്ഥലത്തിന്റെ പേരായിരുന്നു **ഗൊൽഗോഥാ,** “തലയോടിടം” എന്നർത്ഥമുള്ള അരാമ്യ പേരായിരുന്നു അത് (ലൂക്കൊ. 23:33). ഇരുണ്ട ആ വാക്കിൽനിന്നു രൂപപ്പെട്ടതാണ് ലത്തീനിലെ *കൽവാരിയ* (“കാൽവരി”).

യേശുവിനെ ക്രൂശിൽ തറെച്ച യഥാർത്ഥ സ്ഥലം ഒരിക്കലും അറിവായിട്ടില്ല. ആ സ്ഥലം നഗരവാതിലിന്നു പുറത്ത് എന്നാണ് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നത് (എബ്രാ. 13:12). അത് ന്യായപ്രമാണ നിയമമനുസരിച്ചായിരുന്നു (ലേവ്യ. 24:14; സംഖ്യ. 15:35; 1 രാജാ. 21:13; പ്രവൃ. 7:58).

യെരുശലേമിൽ സന്ദർശകരായി പോകുന്നവരെ ഗൊൽഗോഥയാകുവാൻ സാധ്യതയുള്ള രണ്ടു സ്ഥലങ്ങൾ കാണിക്കാറുണ്ട്. ഹോളി സെപൽക്കർ എന്ന ചർച്ചിന്റെ അകത്ത് ഒരു പാറയുള്ള സ്ഥലമായിരുന്നു ഗൊൽഗോഥ എന്ന് കത്തോലിക്കാ സഭ അവകാശപ്പെടുന്നു. ആ ഘടന എ.ഡി നാലാം നൂറ്റാണ്ടിൽ

കോൺസ്റ്റൻഡൈൻ എന്ന റോമൻ ചക്രവർത്തി പണിയിപ്പിച്ചതായിരുന്നു ആ ഘടന എന്നു കരുതപ്പെടുന്നു. ആ സ്ഥലം ക്രിസ്തുവിന്റെ കാലത്ത് നഗരമതിലുകൾക്ക് പുറത്തായിരിക്കും. അടുത്തു കാണുന്ന അസംഖ്യം കല്ലറകൾ ഒന്നാം നൂറ്റാണ്ടിൽ പണിതവയായിരിക്കും.

ഒരു പ്രൊട്ടസ്റ്റൻഡ് പാരമ്പര്യം ചൂണ്ടിക്കാണിക്കുന്നത് ഒരു മലഞ്ചരിവിലുള്ള "ഗോർഡന്റെ കൽവരി" യെയാണ്. ആ മലഞ്ചെരുവിൽ ഒരു പാറ തലയോട്ടി പോലെ രൂപപ്പെട്ടിരുന്നു. ആ സ്ഥലമാണ് ഗൊൽഗോഥ എന്ന് പറഞ്ഞത് 1800 കളിൽ ചില പുരുഷന്മാരാണ്, എന്നാൽ അതിനെ പ്രചാരത്തിലാക്കിയത്, പ്രസിദ്ധ ബ്രിട്ടീഷ് സൈന്യാധിപനായിരുന്ന ജെനെറൽ ചാൾസ് ജോർജ് ഗോർഡൻ ആയിരുന്നു. എങ്ങനെയായാലും, ആ കുന്ന് പ്രത്യക്ഷമായത് പിന്നീട് കുഴിച്ചെടുത്തതിന്റെ ഫലമായിട്ടായിരിക്കാം; ഒന്നാം നൂറ്റാണ്ടിൽ അത് തലയോട്ടി പോലെ തോന്നിയിരിക്കുകയില്ല. അതിനുപുറമെ, അതിനടുത്തുള്ള കല്ലറകൾ, ഗാർഡൻ കല്ലറയടക്കം, ബി. സി. ഏഴാം നൂറ്റാണ്ടിലേയോ അല്ലെങ്കിൽ എട്ടാം നൂറ്റാണ്ടിലേയോ ആണെന്നാണ് ഭൂഗർഭഗവേഷകർ വിലയിരുത്തിയത്.[4]

**വാക്യം 34**. ഗൊൽഗോഥയിലെത്തിയശേഷം, യേശുവിനെ ക്രൂശിക്കുവാൻ ചുമതലപ്പെടുത്തിയ പടയാളി അവന് **കയ്പ് കലർന്ന വീഞ്ഞു കുടിപ്പാൻ കൊടുത്തു**. "കയ്പ്" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഖോലേ*) സൂചിപ്പിക്കുന്നത് കയ്പേറിയ വസതു എന്നാണ് (സങ്കീ. 69:21 നോക്കുക). മർക്കൊസ് 15:23 പറയുന്നത് വീഞ്ഞിൽ "കണ്ടിവെണ്ണ" കലർത്തിയിരുന്നു എന്നാണ്.

ഈ സമയത്ത് പടയാളികൾ എന്തിനാണ് യേശുവിന് വീഞ്ഞു കൊടുത്തത്? (1) അവർ അവനെ വീണ്ടും പരിഹസിക്കുകയായിരുന്നോ? ഉന്മേഷത്തിനു നൽകുന്ന പാനിയത്തിനു പകരം, അവർ കയ്പ് കൊടുക്കുവാനായിരുന്നോ ആഗ്രഹിച്ചത്? ഒരുപക്ഷെ അല്ലായിരിക്കാം. (2) ആ പാനിയം കൊടുത്ത് ലഹരിയുടെ ഫലമുളവാക്കി, അവന്റെ കഷ്ടതയും ദണ്ഡനവും വർദ്ധിപ്പിക്കുകയായിരുന്നോ? അങ്ങനെ ആയിരിക്കണമെന്നില്ല. (3) ആ പാനിയം കൊടുത്ത് അവന്റെ ബോധത്തെ മറെച്ചു വേദന ശമിപ്പിക്കുവാനായിരുന്നോ? അത് യേശുവിനെ ക്രൂശിക്കുന്നതിനു തൊട്ടുമുൻപാണ് കൊടുത്തത്. അപ്പോൾ അതായിരിക്കണം ശരിയായ കാരണം. അവസാനത്തെ വ്യാഖ്യാനം താൽമൂദിൽ പരിരക്ഷിക്കപ്പെട്ട പാരമ്പര്യവുമായി യോജിക്കുന്നു: "ഒരാളെ ക്രൂശിൽ തറെക്കുവാനായി കൊണ്ടുപോകുമ്പോൾ, ഇന്ദ്രിയങ്ങളെ മരവിപ്പിക്കുന്നതിനായി, അയാൾക്ക് കുടിക്കുവാൻ കുന്തിരുക്കം കലർത്തിയ വീഞ്ഞ് കൊടുക്കുക പതിവായിരുന്നു ... യെരുശലേമിലെ ഉത്തമകളായ സ്ത്രീകളായിരുന്നു അത് തയ്യാറാക്കി നൽകിയിരുന്നത്."[5]

കയ്പ് കലർത്തിയ വീഞ്ഞു **രുചിച്ചു നോക്കിയപ്പോൾ**, അത് **കുടിപ്പാൻ യേശുവിന് മനസായില്ല**. താൻ കുടിപ്പാനിരിക്കുന്ന വേദന കുറയാതിരിപ്പാനായിരിക്കാം യേശു അത് കുടിക്കാതിരുന്നത് (26:39 ന്റെ പരാമർശം നോക്കുക).

## ക്രൂശിൽ തറെക്കുന്ന രീതി (27:35-37)

**35അവനെ ക്രൂശിൽ തറെച്ചശേഷം അവർ ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെടുത്തു. 36അവിടെ ഇരുന്നുകൊണ്ട് അവനെ കാത്തു. 37"യെഹൂദന്മാരുടെ രാജാവായ യേശു" എന്ന് അവന്റെ കുറ്റസംഗതി എഴുതി അവന്റെ തലെക്ക് മീതെ വെച്ചു.**

**വാക്യങ്ങൾ 35, 36.** പകൽ മൂന്നാം മണി നേരത്ത്, അല്ലെങ്കിൽ രാവിലെ 9.00ന് ആയിരുന്നു ക്രൂശിൽ തറെക്കൽ ആരംഭിച്ചത് (മർ. 15:25). **അവനെ ക്രൂശിച്ചശേഷം** എന്ന പ്രയോഗത്തിൽനിന്നു ക്രൂശീകരണം പൂർത്തിയായി എന്ന് ധരിക്കരുത്, മറിച്ച്, യേശുവിന്റെ കൈകളും കാലുകളും വിലങ്ങനെയുള്ള തടിയിൽ ആണിയടിച്ച് ഉറപ്പിച്ചതാണ് തീർന്നത്.

പുരാതനലോകത്തെ ഏറ്റവും ഭയാനകമായ ശിക്ഷയായിരുന്നു ക്രൂശിൽ തറെക്കുന്ന രീതി. പാലസ്തീനിൽ അത് പരിചയപ്പെടുത്തിയത് പാർസികളായിരുന്നു, എന്നാൽ അത് പൂർത്തീകരിച്ചത് റോമാക്കാരായിരുന്നു. വാസ്തവത്തിലുള്ള ക്രൂശീകരണം വിശദമായി സുവിശേഷങ്ങൾ നൽകുന്നില്ല. അതിന്റെ ആവശ്യവുമില്ല, കാരണം ക്രിസ്തു മരിച്ചപ്പോൾ ജീവിച്ചിരുന്നവർക്കെല്ലാം ആ ദാരുണമായ കാഴ്ച്ച പരിചയമുണ്ടായിരുന്നു. അതിലുപരി, സുവിശേഷ എഴുത്തുകാർ ഭൗതികമായ വശങ്ങളിലേക്ക് തിരിഞ്ഞ് പറഞ്ഞുകൂടാത്ത ആത്മിയതയുടെ പ്രാധാന്യം വിസ്മരിക്കാതിരിപ്പാൻ പരിശുദ്ധാത്മ നിയന്ത്രണത്തിലായിരുന്നു.

കൂടുതൽ തരംതാഴ്ത്തലിനായി, ശിക്ഷിക്കപ്പെട്ടയാളുടെ കൂട്ടിത്തുന്നിയ വസ്ത്രം കീറുമായിരുന്നു. യേശു ആകാശത്തിനും ഭൂമിക്കുമിടയിൽ തൂങ്ങികിടന്നിരുന്നതിനാൽ, **റോമാ പടയാളികൾ അവന്റെ വസ്ത്രം ചീട്ടിട്ട് പകുത്തെടുത്തു**. അവന്റെ "അങ്കി മേൽതൊട്ട് അടിവരെ തുന്നൽ ഇല്ലാതെ നെയ്തതായിരുന്നു." അതുകൊണ്ട് അവർ കീറിയില്ല (യോഹ. 19:23, 24). അവർ അത് കീറാതെ ചീട്ടിട്ട് എടുത്തത് സങ്കീർത്തനങ്ങൾ 22:18 ലെ പ്രവചന നിറവേറലായിരുന്നു: "എന്റെ വസ്ത്രം അവർ പകുത്തെടുത്തു; എന്റെ അങ്കിക്കായി അവർ ചീട്ടിട്ടു."

ശിക്ഷിക്കപ്പെട്ടവനെ ആരും വന്ന് എടുത്തുകൊണ്ടുപോകാതിരിപ്പാനായി ക്രൂശീകരണ പ്രക്രിയയുടെ പൂർത്തീകരണത്തിനായി പടയാളികൾ അവിടെ തന്നെ കാത്തിരുന്നു. തന്റെ മേൽനോട്ടത്തിൽ ആയിരിക്കുന്ന കുറ്റവാളികൾ മരിക്കുന്നതുവരെ ശ്രദ്ധിക്കേണ്ടത് ശതാധിപന്റെ ചുമതലയായിരുന്നു (മർ. 15:44, 45).

**വാക്യം 37.** ചുരുങ്ങിയത് മൂന്ന് ആകൃതിയിലുള്ള വിവിധ തരം കുരിശുകളായിരുന്നു റോമാക്കാർ ഉപയോഗിച്ചിരുന്നത്. T, †, X കുറ്റവാളിയിൽ ചുമത്തപ്പെട്ട കുറ്റം അവന്റെ **തലെക്കൽ എഴുതുന്നതിനു യോജിക്കുന്ന** വിധത്തിലുള്ള പരമ്പരാഗതമായ കുരിശിന്റെ ആകൃതി † ആയിരുന്നു. ആ എഴുത്ത് ഒന്നുകിൽ യേശുവിന്റെ കഴുത്തിനു ചുറ്റുമായി കെട്ടിയിരിക്കും, അല്ലെങ്കിൽ, അവനെ യെരുശലേം തെരുവുകളിലൂടെ നടത്തിക്കൊണ്ടുപോയപ്പോൾ, പടയാളി മുൻപിൽ അതു പിടിച്ചിരിക്കും (27:31 ന്റെ പരാമർശം നോക്കുക). കുറ്റവാളിയുടെ മേൽ ചുമത്തപ്പെട്ട കുറ്റം പരസ്യപ്പെടുത്തുന്നത് ഭയപ്പെടുത്തുന്നതിനായിരുന്നു. അതു കാണുന്നവർ റോമിനെതിരായി അതേ കുറ്റം ചെയ്യാതിരിക്കുവാനുള്ള ഭീഷണിയുമാണ്.

മത്തായി പറഞ്ഞതനുസരിച്ച്, ആ എഴുത്ത് ഇങ്ങനെയാണ്, **"ഇത് യെഹൂദന്മാരുടെ രാജാവായ യേശു."** ആ മേലെഴുത്ത് നാല് സുവിശേഷങ്ങളിലും പറഞ്ഞിരിക്കുന്നത് ചേർത്ത് മുഴുവൻ രൂപത്തിൽ എടുക്കാം. അത് വായിക്കുന്നു, "ഇത്, യെഹൂദന്മാരുടെ രാജാവ്, നസ്രായനായ യേശു." ആ മേലെഴുത്ത് "ഞാൻ യെഹൂദന്മാരുടെ രാജാവാകുന്നു, എന്ന് *അവൻ പറഞ്ഞു*" (എംഫസിസ് ആഡഡ്) എന്നെഴുതുവാൻ യെഹൂദ മതാദ്ധ്യക്ഷന്മാർ ആവശ്യപ്പെട്ടെങ്കി

ലും, അതിനു മാറ്റം വരുത്തുവാൻ തയ്യാറാകാതെ തറപ്പിച്ചു പറഞ്ഞു, "ഞാൻ എഴുതിയത് എഴുതി" (യോഹ. 19:21, 22).

## അവനോടുകൂടെ ക്രൂശിക്കപ്പെട്ടവരും കൂടുതൽ പരിഹാസവും (27:38-44)

**38വലത്തും ഇടത്തുമായി രണ്ടു കള്ളന്മാരേയും അവനോടുകൂടെ ക്രൂശി
ച്ചു. 39കടന്നുപോകുന്നവർ തലകുലുക്കി അവനെ ദുഷിച്ചു; 40"മന്ദിരം പൊ
ളിച്ചു മൂന്നുനാൾകൊണ്ടു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക; ദൈവപു
ത്രൻ എങ്കിൽ ക്രൂശിൽനിന്നു ഇറങ്ങിവാ" എന്നു പറഞ്ഞു. 41അങ്ങനെ തന്നെ
മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും പരിഹസിച്ചു. 42"ഇവൻ
മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ രക്ഷിപ്പാൻ കഴികയില്ല; അവൻ യിസ്രാ
യേലിന്റെ രാജാവാകുന്നു എങ്കിൽ ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങി വരട്ടെ
എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും. 43അവൻ ദൈവത്തിൽ ആശ്ര
യിക്കുന്നു; അവന്നു ഇവനിൽ പ്രസാദം ഉണ്ടെങ്കിൽ, ഇപ്പോൾ വിടുവിക്കട്ടെ;
'ഞാൻ ദൈവപുത്രൻ എന്നു അവൻ പറഞ്ഞുവല്ലോ' " എന്നു പറഞ്ഞു. 44അ
ങ്ങനെ തന്നെ അവനോടുകൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരും അവനെ നിന്ദിച്ചു.**

**വാക്യം 38.** ഇവിടെ മത്തായി ആദ്യമായി **യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മ** [ാരുടെ] വിശദാംശങ്ങൾ നൽകുന്നു. യേശുവിനോടുകൂടെ ആ രണ്ടു കള്ളന്മാരേയും യെരുശലേം തെരുവുകളിലൂടെ നടത്തിയിരുന്നു എന്നാണ് ലൂക്കൊസ് 23:32 സൂചിപ്പിക്കുന്നത്. ഗൊൽഗോഥയിലെത്തിയപ്പോൾ, അവരിൽ **ഒരാളെ യേശുവിന്റെ വലത്തും മറ്റൊരാളെ ഇടത്തും** നിർത്തിയാണ് ക്രൂശിച്ചത്. കഷ്ടതയേൽക്കുന്ന ദാസൻ "അതിക്രമക്കാരോടുകുടെ എണ്ണപ്പെടും" എന്ന യെശയ്യാവിന്റെ പ്രവചനം അങ്ങനെ നിവർത്തിയായി (യെശ. 53:12).

ഗൊൽഗോഥയിൽ മുഖ്യമായി കാണപ്പെട്ടത് ഒരു ക്രൂശായിരുന്നു - എന്നാൽ, മത്തായി രണ്ടു ക്രൂശ് കൂടെ ഉണ്ടായിരുന്നതായി മത്തായി പറയുന്നു. ചില രീതിയിൽ മൂന്നു ക്രൂശും ഒരുപേലെയായിരുന്നു. ക്രൂശിൽ തൂങ്ങി കിടന്ന മൂന്നു പേരിലും, വേദന, വീർപ്പുമുട്ടൽ, ചൂട്, മുറിവുകൾ, വിയർപ്പുകൾ എന്നിവ ഉണ്ടായിരുന്നു. പരിഹാസത്തെയും പ്രാണികളേയും സഹിച്ചു. തരംതാഴ്ത്തുന്ന ദാരുണമായ മരണത്തെ അതിലെ കടന്നുപോയവരെല്ലാം നോക്കി വിഷമിച്ചിരുന്നു. അതുപോലെ വലിയ വ്യത്യാസങ്ങളുമുണ്ടായിരുന്നു. ഒന്നാമത്തേത്, മാനസാന്തരപ്പെടാത്ത, മൽസരിയായ കള്ളന്റെ ക്രൂശായിരുന്നു (ലൂക്കൊ. 23:39). അനുതപിച്ച് മാനസാന്തരപ്പെട്ട കള്ളന്റേതായിരുന്നു രണ്ടാമത്തെ ക്രൂശ് (ലൂക്കൊ. 23:40, 41). മൂന്നാമത്തേത്, യേശു മരിച്ച, വീണ്ടെടുപ്പിന്റെ ക്രൂശ് ആയിരുന്നു.

ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാർ സാധാരണ കള്ളന്മാരായിരുന്നില്ല. "കള്ളന്മാർ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ലെയിസ്റ്റായി*) പറയുന്നത് അവർ പിടിച്ചുപറിക്കാനും തടയുന്നവരെ അക്രമിക്കുവാനും മടിയില്ലാത്തവർ എന്നാണ്. ചിലപ്പോൾ ആ വാക്ക് വിപ്ലവക്കാരെ ഉദ്ദേശിച്ചും പറഞ്ഞിട്ടുണ്ട്. ബറബ്ബാസിനെ (*ലെയിസ്റ്റായി;* യോഹ. 18:40) എന്നു വിളിച്ചിരുന്നു; അവനെ വിപ്ലവത്തിനും കുലപാതകത്തിനുമായിരുന്നു തടവിലാക്കിയത് (മർ. 15:7). യേശു

വിനോടുകൂടെ ക്രൂശിൽ തറെച്ച രണ്ടു കള്ളന്മാരും ഒരുപക്ഷെ ബറബ്ബാസിന്റെ സംഘത്തിൽ പെട്ടവരായിരുന്നേക്കാം, കാരണം അവന്റെ അതേ സമയത്ത് തടവിലാക്കപ്പെട്ടവരായിരുന്നു ഇവരും (26:55 ന്റെ പരാമർശം നോക്കുക).

ആ രണ്ടു കള്ളന്മാരുടേയും പേർ പുതിയനിയമത്തിൽ വെളിപ്പെടുത്തിയിട്ടില്ല. നൂറ്റാണ്ടുകളായി ആ ജോഡികൾക്ക് ശരിയായതല്ലെങ്കിലും, വ്യത്യസ്തമായ പല പേരുകളും, ഗെസ്റ്റസ്, സോവാതം, കമ്മോ, യോവാതാസ്, മഗസ്ട്രാസ്, തിത്തൊാസ്, ദുമാക്കസ് എന്നിങ്ങനെ വിളിച്ചിരിക്കുന്നു.[6]

**വാക്യം 39.** കടന്നുപോയവരിൽ ആദ്യത്തെ ആളുകൾ യേശുവിനെ നിന്ദിച്ചു. ക്രൂശിൽ തറെച്ചത് നഗരത്തിനു പുറത്താകയാൽ, അനേകം യെഹൂദന്മാർ യേശുവിനെ ക്രൂശിൽ തറെക്കുന്നതിന് സാക്ഷ്യം വഹിച്ചിരിക്കും (യോഹ. 19:20). അതിലെ കടന്നു പോയവർ ചിലപ്പോൾ പെസഹാ പെരുന്നാളിന് യെരുശലേമിൽ വന്നു പോയ തീർത്ഥാടകർ ആയിരുന്നേക്കാം.

കടന്നുപോയവർ യേശുവിനെ നോക്കി **തല കുലുക്കി**. അവരുടെ പരിഹാസം സങ്കീർത്തനം 22:6, 7-ൽ യേശുവിനെ കുറിച്ചുള്ള മറ്റൊരു പ്രവചന നിറവേറലായിരുന്നു:

ഞാനോ മനുഷ്യനല്ല, ഒരു കൃമിയത്രെ,
മനുഷ്യരുടെ പരിഹാസവും ജനത്താൽ നിന്ദിതനും തന്നെ.
എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു;
അവർ അധരം മലർത്തി, തല കുലുക്കുന്നു.

**വാക്യം 40.** ആ ആളുകൾ പറഞ്ഞു, "**മന്ദിരം പൊളിച്ചു മൂന്നുനാൾ കൊണ്ടു പണിയുമെന്നു പറഞ്ഞവനേ, നീ നിന്നെത്തന്നെ രക്ഷിക്ക! നീ ദൈവപുത്രൻ എങ്കിൽ, ക്രൂശിൽനിന്നു ഇറങ്ങി വാ.**" അവരുടെ ഭാഷ മുൻ സംഭവങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഒന്നാമത്, അവർ യേശുവിന്റെ അവകാശവാദത്തെ ഓർമ്മിച്ചു. ആദ്യത്തെ ദൈവാലയശുദ്ധീകരണ സമയത്ത് അവൻ പറഞ്ഞു, "ഈ മന്ദിരം പൊളിപ്പിൻ, ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും" (യോഹ. 2:19). യെഹൂദന്മാർ ആ പ്രസ്താവന മൂന്നു വർഷമെന്ന വിധത്തിൽ തെറ്റിദ്ധരിച്ചിരിക്കാം. അവന്റെ വാക്കുകളെ അവർ തെറ്റിദ്ധരിച്ചതായി, യേശുവിനെ വിചാരണ നടത്തുമ്പോൾ, സാക്ഷികളായി വന്നു പറഞ്ഞവരുടെ വാക്കുകളും വ്യക്തമാക്കുന്നു (26:60, 61 ന്റെ പരാമർശം നോക്കുക). സ്പഷ്ടമായും, യെഹൂദ മതാദ്ധ്യക്ഷന്മാരായിരുന്നു അവനെ കുറിച്ച് ഈ ദുഷ്പ്രചരണം നടത്തിയിരുന്നത്. രണ്ടാമത്, തന്നെത്തന്നെ തെളിയിക്കുവാൻ യേശുവിന് അവർ ഒരു വെല്ലുവിളി നൽകി ("നീ ദൈവപുത്രൻ എങ്കിൽ ..."), അത് യേശുവിന്റെ പരമാധികാരത്തെ സാത്താൻ അവനെ പരീക്ഷിക്കുമ്പോഴും പറഞ്ഞു (4:3, 6 ന്റെ പരാമർശം നോക്കുക). ഈ സമയത്ത്, തന്റെ വലിയ ശക്തി കാണിച്ച് അവന്റെ ദൈവവുമായുള്ള ബന്ധം കാണിക്കുവാനായിരുന്നു അവരുടെ വെല്ലുവിളി. അതിൽനിന്നു വ്യത്യസ്തമായി, അവൻ ക്രൂശിൽ ആയതു തന്നെ അവൻ ദൈവപുത്രനാണെന്നതിന്റെ തെളിവായിരുന്നു. യേശു പിതാവിന്റെ ഇഷ്ടത്തിന് കീഴ്പ്പെടുകയായിരുന്നു (എബ്രാ. 5:7-9).

**വാക്യം 41.** രണ്ടാമത് യേശുനെ പരിഹസിച്ചവരുടെ കൂട്ടത്തിൽ, **മഹാപുരോഹിതന്മാരും, ... ശാസ്ത്രിമാരും, മൂപ്പന്മാരും ഉൾപ്പെട്ടിരുന്നു.** യെരുശലേം

പൂർണ്ണമായും യേശുവിനെ തള്ളിക്കളഞ്ഞിരുന്നു എന്നാണ് ആ ലിസ്റ്റ് സൂചിപ്പിക്കുന്നത്. യേശുവിനോട് അവർക്കുണ്ടായിരുന്ന ഈർഷ്യയും ശത്രുതയും എത്ര വലുതായിരുന്നു എന്ന് യേശുവിനെ ക്രൂശിക്കുന്ന സമയത്തെ അവരുടെ സാന്നിധ്യം വെളിവാക്കുന്നു.[7]

**പരിഹസിക്കുക** എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് (*എംപായിസോ*) ഒരു ബാലൻ മറ്റൊരു ബാലനെ കളിയാക്കുന്നതിന് പറയുന്നതാണ്.[8] ആത്മിയമായി പക്വതയുള്ളവരെന്ന് അവകാശപ്പെട്ടവരാണ് അച്ചടക്കമില്ലാത്ത കുട്ടികളെ പോലെ പെരുമാറിയത്! യേശുവിനെ രാത്രി വിചാരണ ചെയ്തപ്പോൾ അവർ ക്രൂരസ്വഭാവത്തോടെയാണ് പെരുമാറിയത്, അവന്റെ മുഖത്ത് തുപ്പുകയും, അവനെ മുഷ്ടി ചുരുട്ടി ഇടിക്കുകയും, കന്നത്തടിക്കുകയും ചെയ്തു (26:67, 68).

യേശുവിന്റെ മരണത്തിനുത്തരവാദികൾ ആ ആളുകളായിരുന്നു, യൂദായുമായി വിലപേശി അവനെ കാണിച്ചുകൊടുപ്പാനായി മുപ്പതു വെള്ളിക്കാശ് തൂക്കി കൊടുത്തതും അവരായിരുന്നു (26:14–16). അവരായിരുന്നു അവനിൽ മരണശിക്ഷക്കുള്ള കുറ്റം ചുമത്തിയതും അവൻ മരണയോഗ്യൻ എന്നു പ്രഖ്യാപിച്ചതും (26:57–68; യോഹ. 19:7). അവനെ ക്രൂശിക്ക എന്നു പിലാത്തൊസിനോട് ആർത്തതും, യെഹൂദപുരുഷാരത്തെ അവൻ ക്രൂശിക്കപ്പെടുവാൻ സമ്മതിപ്പിച്ചതും അവരായിരുന്നു (27:20–25). മനുഷ്യ കാഴ്ച്ചപ്പാടനുസരിച്ച്, അവർ അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ, യേശു ക്രൂശിക്കപ്പെടുമായിരുന്നില്ല. എങ്കിലും യേശു അവരുടെ ദുഷിച്ച ആലോചനക്ക് കീഴ്പ്പെടുകയും, ക്രൂശ് യാഗമാക്കി ദൈവത്തിന്റെ നിത്യപദ്ധതിയുടെ സാക്ഷാത്ക്കാരമാക്കുകയും ചെയ്തു (പ്രവൃ. 2:23, 24).

**വാക്യം 42**. യെഹൂദ മതാദ്ധ്യക്ഷന്മാർ യേശുവിനെ പരിഹസിച്ചു പറഞ്ഞു, "**അവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്താൻ രക്ഷിപ്പാൻ കഴിയുകയില്ല**." തന്റെ ശുശ്രൂഷാകാലത്ത് യേശു ചെയ്ത അത്ഭുതങ്ങളെയും അവർ പരിഹസിച്ചു. ദൈവത്തിന്റെ ലോകത്തിൽ വ്രണപ്പെട്ടവരോടുള്ള അവന്റെ മനസലിവായിരുന്നു അവൻ ചെയ്ത അത്ഭുതങ്ങളും വീര്യപ്രവൃത്തികളും. അതിലുപരിയായി, യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന തെളിവുമായിരുന്നു അവ (11:2–6; യോഹ. 20:30, 31).

അവൻ ക്രൂശിനെ എതിർത്തിരുന്നുവെങ്കിൽ, അവന് തന്നെത്താൻ രക്ഷിപ്പാൻ അപ്പോഴും അത്ഭുതശക്തി ഉണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ദൈവേഷ്ടമനുസരിച്ച്, അവൻ തന്നെത്താൻ സമർപ്പിക്കപ്പെട്ടതുകൊണ്ട്, കഷ്ടതയും മരണവുമെന്ന പാനപാത്രം അവൻ കുടിപ്പാൻ ഒരുങ്ങി. അവൻ മനുഷ്യവർഗത്തെ രക്ഷിപ്പാൻ ശ്രമിച്ചാൽ, തന്നെത്താൻ രക്ഷിക്കുവാൻ കഴിയുമായിരുന്നില്ല. യേശു അവർ വിചാരിച്ചതുപോലെ പ്രവർത്തിക്കാതിരുന്നത് അവന്റെ കഴിവില്ലായ്മയായിട്ടായിരുന്നു യെഹൂദ മതാദ്ധ്യക്ഷന്മാർ കണ്ടത്.

ആ ക്രൂര മനുഷ്യർ നിന്ദാഗർഭമായി യേശു യിസ്രായേലിന്റെ രാജാവായി ഏറ്റു പറഞ്ഞു. അവനെ വിചാരണ ചെയ്ത മഹാപുരോഹിതനായ കയ്യഫാവ് അവൻ "ദൈവപുത്രനായ ക്രിസ്തു ആകുന്നുവോ" എന്നു ചോദിച്ചു (26:63). പിന്നീട്, പിലാത്തൊസ് അവനോട് "യെഹൂദന്മാരുടെ രാജാവാകുന്നുവോ" എന്നു ചോദിച്ചു (27:11). രണ്ടു തവണയും യേശു തറപ്പിച്ചു മറുപടിയും നൽകി (26:64; 27:11). പടയാളികൾ യേശുവിനെ പരിഹസിച്ചതിലും അവന്റെ രാജത്വം പ്രതിഫലിച്ചിരുന്നു (27:28–31), അവന്റെ തലെക്കു മിതെ എഴുതിയ

മേലെഴുത്തിലും അതു കാണാമായിരുന്നു: "ഇത്, യെഹുദന്മാരുടെ രാജാവായ യേശു" (27:37).

യെഹൂദ അദ്ധ്യക്ഷന്മാർ തുടർന്നു, "അവൻ ഇപ്പോൾ ക്രൂശിൽനിന്നു ഇറങ്ങിവരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കാം" എന്നു പറഞ്ഞ് അവർ അവനെ "പരിഹസിച്ചു" (ലൂക്കൊ. 23:35). താൻ ആരാണെന്ന് തെളിയിക്കുവാൻ മതിയായത്ര അത്ഭുതശക്തി അവൻ പ്രദർശിപ്പിച്ചു കഴിഞ്ഞിരുന്നു, എന്നിട്ടും അവർ അവനെ തള്ളിക്കളഞ്ഞു. അവൻ ക്രൂശിൽനിന്നു ഇറങ്ങി വന്നാൽ പോലും, അവർ തെറ്റിപ്പോയി എന്നു സമ്മതിക്കാതെ അതിനു മറ്റെന്തെങ്കിലും ന്യായീകരണം അവർ കണ്ടെത്തുമായിരുന്നു. യേശു തന്റെ മരണത്തിൽ, അവൻ ദൈവപദ്ധതി പൂർത്തിയാക്കുക മാത്രമായിരുന്നില്ല, തന്റെ ഉപദേശത്തിന്റെ മാതൃക കൂടെ ലോകത്തിനു നൽകുകയായിരുന്നു (10:38, 39; 16:24–26).

**വാക്യം 43.** അവർ പിന്നെ പറഞ്ഞു, "**അവൻ ദൈവത്തിൽ ആശ്രയിക്കുന്നു; ദൈവം അവനിൽ പ്രസാദിക്കുന്നു എങ്കിൽ, അവനെ ഇപ്പോൾ വിടുവിക്കട്ടെ; 'ഞാൻ ദൈവപുത്രൻ' എന്നു അവൻ പറഞ്ഞുവല്ലോ.**" അവരുടെ ആരോപണം തികച്ചും ദൈവദൂഷണമായിരുന്നു. ആ ഭാഷ സങ്കീർത്തനങ്ങൾ 22:8 മായി യോജിക്കുന്നു, അവിടെ പറയുന്നത്, "യഹോവയിൽ നിന്നെത്തന്നെ സമർപ്പിക്ക; അവൻ അവനെ രക്ഷിക്കട്ടെ; അവൻ അവനെ വിടുവിക്കട്ടെ; അവനിൽ പ്രസാദമുണ്ടല്ലോ" (എൻഐവി).[9] യേശു ദൈവപുത്രനാണെന്ന് പറഞ്ഞതിനെ യെഹൂദ അദ്ധ്യക്ഷന്മാർ അധിക്ഷേപിക്കുകയായിരുന്നു (26:63, 64). ദൈവം അവനിൽ പ്രസാദിക്കുകയാണെങ്കിൽ, അവനെ അവൻ രക്ഷിക്കുമെന്നായിരുന്നു അവരുടെ തോന്നൽ.[10] യേശു ചെയ്തതെല്ലാം അവർ എത്ര ചെറുതായിട്ടാണ് മനസിലാക്കിയിരുന്നത്!

പുരുഷാരത്തിലെ മറ്റു പരിഹാസികൾ യേശുവിനോട് നേരിട്ടായിരുന്നു സംസാരിച്ചത്, എന്നാൽ യെഹൂദ മതാദ്ധ്യക്ഷന്മാർ അങ്ങനെയായിരുന്നില്ല. അവരുടെ വാക്കുകൾ പറഞ്ഞിരിക്കുന്ന മൂന്നു വിവരണങ്ങളിലും അവർ അന്യോന്യമായിരുന്നു സംസാരിച്ചിരുന്നത് - യേശുവിനോടായിരുന്നില്ല (27:41–43; മർ. 15:31, 32; ലൂക്കൊ. 23:35).

**വാക്യം 44.** മൂന്നാമത്തെ പരിഹാസ സംഘമായിരുന്നു **അവനോടുകൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാർ.**[11] ആദ്യം രണ്ടുപേരും യേശുവിനെ പരിഹസിക്കുവാൻ ചേർന്നു, **ഒരേ വാക്കുകളാൽ അവനെ നിന്ദിച്ചു.** ഒരാൾ പറഞ്ഞു, "നീ ക്രിസ്തു അല്ലേ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്ക" (ലൂക്കൊ. 23:39).

ഒരു കള്ളന്റെ ഉള്ളിലെ മാറ്റത്തെ കുറിച്ച് മത്തായി പറയുന്നില്ലെങ്കിലും, ലൂക്കൊസ് 23:40–43 പറയുന്നു. എന്താണ് അവന്റെ മനസിനെ മാറ്റിയത് എന്ന് നമ്മോട് പറയുന്നില്ല, പക്ഷെ, അവന്റെ മാറ്റം ശരിയായ മാനസാന്തരത്തിലേക്കായിരുന്നു. തന്നെ മരണത്തിന് ഏൽപിച്ചുകൊടുത്തവർക്കും തന്നെ പരിഹസിച്ചവർക്കും വേണ്ടി ക്രൂശിൽ കിടന്ന് യേശു പ്രാർത്ഥിക്കുന്നത് അവൻ കേട്ടിരിക്കാം (ലൂക്കൊ. 23:34). ഒരുപക്ഷെ യേശു മരണത്തെ നേരിട്ട സ്വഭാവം അവന്റെ മനസിനെ മാറ്റിയിരിക്കാം. കാരണം എന്തായാലും, കഠിന ഹൃദയവും മൃദുല ഹൃദയവും തമ്മിലുള്ള വ്യത്യാസം എന്തെന്ന് അവൻ കാണിച്ചു. അവൻ പറഞ്ഞു, "യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ, എന്നേയും ഓർത്തുകൊള്ളേണമേ!" (ലൂക്കൊ. 23:42). യേശു അതിനു മറുപടിയായി പറഞ്ഞു, "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായിട്ടു നിന്നോട് പറയുന്നു" (ലൂക്കൊ. 23:43).

## ക്രൂശീകരണാവസാനവും
## ആ സമയത്തുണ്ടായ അടയാളങ്ങളും
## (27:45-54)

**[45]ആറാംമണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ദേശത്തെല്ലാം
ഇരുട്ടുണ്ടായി. [46]ഏകദേശം ഒമ്പതാം മണിനേരത്ത് യേശു: "ഏലീ, ഏലീ,
ലമ്മാ ശബക്താനി" എന്നു ഉറക്കെ നിലവിളിച്ചു; "എന്റെ ദൈവമേ, എന്റെ
ദൈവമേ, നീഎന്നെ കൈവിട്ടതു എന്തു" എന്നർത്ഥം. [47]അവിടെ നിന്നിരുന്നവ
രിൽ ചിലർ അതുകേട്ടിട്ട് "അവൻ ഏലിയാവെ വിളിക്കുന്നു" എന്നു പറഞ്ഞു.
[48]ഉടനെ അവരിൽ ഒരുത്തൻ ഓടി ഒരു സ്പോഞ്ച് എടുത്തു പുളിച്ച വീഞ്ഞു
നിറച്ചു ഓടത്തണ്ടിന്മേലാക്കി അവന്നു കുടിപ്പാൻ കൊടുത്തു. [49]ശേഷമുള്ള
വർ: "നില്ക്ക; ഏലിയാവു അവനെ രക്ഷിപ്പാൻ വരുമോ എന്നു നോക്കാം"
എന്നു പറഞ്ഞു. [50]യേശു പിന്നെയും ഉറക്കെ നിലവിളിച്ചു പ്രാണനെ വിട്ടു.
[51]അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തി
പ്പോയി; [52]ഭൂമികുലുങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപി
ച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു [53]അവന്റെ പു
നരുദ്ധാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു, വിശുദ്ധനഗരത്തിൽ ചെന്നു പ
ലർക്കും പ്രത്യക്ഷമായി. [54]ശതാധിപനും അവനോടുകൂടെ യേശുവിനെ
കാത്തിരുന്നവരും ഭൂകമ്പം മുതലായി സംഭവിച്ചതു കണ്ടിട്ടു: "അവൻ ദൈവപു
ത്രൻ ആയിരുന്നു സത്യം" എന്നു പറഞ്ഞു ഏറ്റവും ഭയപ്പെട്ടു.**

**വാക്യം 45.** പിലാത്തൊസിന്റെ മുൻപിൽ വെച്ച് യേശുവിനെ ചോദ്യം ചെയ്യൽ ഏകദേശം രാവിലെ 6.00 ന് ആരംഭിക്കുകയും ക്രൂശിക്കൽ നടന്നത് രാവിലെ 9.00 നുമായിരുന്നു (27:1, 35 ന്റെ പരാമർശം നോക്കുക). **ആറാം മണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ദേശത്ത് ഒക്കെയും ഇരുട്ടു ണ്ടായി.** "ആറാം മണി" എന്നു പറയുന്നത് ഉച്ചക്ക് 12.00 മണിയും "ഒമ്പതാം മണി" എന്നു പറയുന്നത് ഉച്ചക്ക് ശേഷം 3.00 മണിയുമാണ്. യേശു ആറു മണിക്കുർ ക്രൂശിലായിരുന്നു. അതിൽ ഉച്ചക്കുശേഷം മൂന്നു മണിക്കൂർ ഭൂമി ഇരുണ്ടുപോയി. "സൂര്യൻ ഇരുണ്ടുപോയതുകൊണ്ടാണ്" ഇരുട്ടുണ്ടായത് എന്ന് ലൂക്കൊസ് എഴുതിയിരിക്കുന്നു (ലൂക്കൊ. 23:45). "ഇരുണ്ടുപോകുക" എന്നതിന്റെ ഗ്രീക്ക് വാക്ക് (*എക്ലെയിപോ*) അർത്ഥം, "പരാജയപ്പെടുക" അല്ലെ ങ്കിൽ "ഇല്ലാതാകുക" എന്നാണ്. നമ്മുടെ "എക്ലിപ്സ്" എന്ന വാക്കിനടുത്ത് നിൽക്കുന്നതാണ് അത്. ആ ഇരുട്ട് സാധാരണ സൂര്യൻ മറയുന്നതായിരു ന്നില്ല. കാരണം അതു പെസഹാ കാലയളവും പൂർണ്ണചന്ദ്രനുള്ള സമയവു മായിരുന്നതിനാൽ സൂര്യഗ്രഹണമായിരുന്നില്ല. സൂര്യനും ചന്ദ്രനും വളരെ അകലെയായിരുന്നതിനാൽ ഗ്രഹണ സാധ്യത കുറവായിരുന്നു. ആ സംഭവം അസാധാരണം തന്നെയായിരുന്നു. യേശുവിന്റെ മരണസമയത്ത് സംഭവിച്ച ഈ കാര്യവും മറ്റു സംഭവങ്ങളും ബൈബിളിനു പുറത്തുള്ള പുരാതനഎഴു ത്തുകളും പറയുന്നുണ്ട്.[12] പ്രത്യേകിച്ച്, പ്രാരംഭ സഭാ എഴുത്തുകാരനായിരുന്ന തെർത്തുല്യൻ പറഞ്ഞു,

> അതേ മണിക്കൂറിൽ, പകൽ വെളിച്ചം പിൻവലിഞ്ഞു, അതേ സമയത്ത് സൂര്യൻ പ്രകാശം കൊടുക്കാതെയുമിരുന്നു. ഇതു ക്രിസ്തുവിനെ

കുറിച്ചു പ്രവചിച്ചിട്ടുള്ളതാണെന്ന് അറിയാത്തവർ അത് ഒരു ഗ്രഹണ മായി ചിന്തിച്ചേക്കാം. *നിങ്ങൾ തന്നെ ലോക-ദുർനിമിത്തങ്ങളെക്കുറി ച്ചുള്ള റിക്കോർഡുകൾ സൂക്ഷിച്ചിട്ടുണ്ടല്ലോ* (എംഫസിസ് ആഡഡ്).[13]

മത്തായി വിവരിച്ചിട്ടില്ലെങ്കിലും, അന്നു ഇരുട്ടിന് സഹതാപം ജനിപ്പിക്കുന്ന ആലങ്കാരിക അർത്ഥമുണ്ടായിരിക്കണം. ദൈവത്തിന്റെ വിശുദ്ധിയെ പ്രകാശ മായും തിന്മയെ ഇരുട്ടായുമാണ് പ്രതിനിധീകരിച്ചിരിക്കുന്നത് (1 യോഹ. 1:5). യേശു ക്രൂശിൽ തൂങ്ങി കിടന്ന മൂന്നു മണിക്കൂറായിരുന്നു ഭൂമിയിൽ ഇരുട്ടു ണ്ടായത്, അതും ലോകത്തിന്റെ പാപവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇരുട്ട് വിലാപത്തെയും ന്യായവിധിയെയുമാണ് തിരുവെഴുത്തിൽ ചിത്രീകരിച്ചിരിക്കു ന്നത് (യെശ. 5:30; 13:9-11; യോവേ. 3:14, 15; ആമോ. 8:9). മനുഷ്യൻ ചെയ്ത പാപങ്ങൾക്കെല്ലാമുള്ള ശിക്ഷയായിരുന്നു യേശു ക്രൂശിൽ ഏറ്റുവാങ്ങിയത് (യെശ. 53:5, 6, 10, 11; 2 കൊ. 5:21; ഗലാ. 3:13; 1 പത്രൊ. 2:24; 3:18; 1 യോഹ. 2:2; 4:10). യേശു മരിച്ച പകൽ മനുഷ്യചരിത്രത്തിൽ ഇരുട്ടായി മാറിയതിൽ അതിശയിക്കുവാനില്ല.

**വാക്യം 46. ഏകദേശം ഒമ്പതാം മണി നേരം**, അതായത്, ഉച്ചകഴിഞ്ഞ് 3.00 മണിക്ക് യേശു "**ഏലീ, ഏലീ, ലമ്മാ ശബ്ബക്താനി?**" എന്ന് ഉറക്കെ നി ലവിളിച്ചു. മത്തായി എഴുതിയത് യെഹൂദ വായനക്കാർക്കാണെങ്കിലും, എല്ലാ വർക്കും എബ്രായ ഭാഷ (അരാമ്യ) നന്നായി അറിയില്ലായിരുന്നു. അതുകൊ ണ്ട്, അത് അങ്ങനെതന്നെ സാധാരണക്കാർക്ക് മനസിലാകുന്ന ഗ്രീക്കിലേക്ക് തർജിമ ചെയ്തു. ഉറക്കെ നിലവിളിച്ച ആ വാക്കുകളുടെ അർത്ഥം, "**എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?**" യേശു ഉദ്ധരിച്ചത് സങ്കീർത്തനങ്ങൾ 22:1 ആയിരുന്നു. മശിഹയെ കുറിച്ചു പ്രതിപാദിക്കുന്ന മറ്റു വാക്യങ്ങൾ മുൻപ് ഈ അദ്ധ്യായത്തിൽ വന്നിട്ടുണ്ട് (27:39, 43 ന്റെ പ രാമർശം നോക്കുക).

ക്രൂശിൽ വെച്ച് യേശു ഉറക്കെ നിലവിളിച്ച ഈ പ്രസ്താവന മാത്രമാണ് മത്തായിയും മർക്കൊസും വിവരിച്ചിരിക്കുന്നത്. മത്തായി 27:46-ൽ "എന്റെ ദൈവം" എന്നതിനുള്ള എബ്രായ വാക്ക് *ഏലി* എന്നാണ്, എന്നാൽ മർക്കൊസ് 15:34-ൽ ആരാമ്യവാക്ക് *ഏലോയി* എന്നാണ് പറഞ്ഞത്. ആ വിവരണങ്ങളിൽ ലൂക്കൊസും യോഹന്നാനും മറ്റു മൂന്നു പ്രത്യേക പ്രസ്താവനകളും പറയു ന്നുണ്ട് (ലൂക്കൊ. 23:34, 43, 46; യോഹ. 19:26, 27, 28, 30), മൊത്തം ഏഴ് പ റച്ചലുകൾ.

മത്തായിയിലേയും മർക്കൊസിലേയും യേശുവിന്റെ വാക്കുകൾ എങ്ങനെ വ്യാഖ്യാനിക്കും? ദൈവം വാസ്തവത്തിൽ യേശുവിനെ കൈവിട്ടിരുന്നോ? അവർ രണ്ടുപേരും ഒരേ ആത്മാവുള്ളവരായിരിക്കെ, അവനു യേശുവിനെ കൈവിടാൻ കഴിയുമോ? വർഷങ്ങളായി നടക്കുന്ന വാദങ്ങളാണ് ഇവ. യേശു ഇരട്ട പ്രകൃതമായ മനുഷ്യനും ദൈവവുമായിരുന്നതിനാൽ യേശുവിന്റെ മനുഷ്യപ്രകൃതത്തെയാണ് ദൈവം കൈവിട്ടത് എന്നു ചിലർ പറയുന്നു. ആ കാഴ്ച്ചപ്പാട് അസാധ്യമാണെന്ന് തോന്നുന്നു. വേറെ ചിലർ പറയുന്നത്, യേശു പ്രകടിപ്പിച്ചത് അവന്റെ മനുഷ്യബലഹീനതയാണ്, വാസ്തവത്തിൽ ദൈവം അവനെ കൈവിട്ടിരുന്നില്ല. കൈവിട്ട തോന്നൽ പ്രകടിപ്പിക്കുവാൻ അവൻ സങ്കീർത്തനങ്ങൾ 22:1 ഉദ്ധരിക്കുക മാത്രമാണ് ചെയ്തത്.

ദൈവത്തിന് അവനെ ഉപേക്ഷിക്കുന്നത് സാധ്യമായാലും അല്ലെങ്കിലും,

ദൈവം അവനെ കൈവിട്ടിരിക്കണം. നിത്യതയിൽ ഒരിക്കൽ മാത്രം, ആ സമയത്ത് യേശു ദൈവത്തിൽനിന്ന് ആ വേർപാട് വേദനയോടുകൂടി അനുഭവിച്ചു. പുത്രൻ ലോകത്തിന്റെ മുഴുവൻ പാപവും തന്നിൽ വഹിച്ചപ്പോൾ, ദൈവം പുറംതിരിഞ്ഞുകളഞ്ഞു. ക്രൂശിൽ ആയിരുന്നപ്പോൾ, എങ്ങനെയോ, ഏതുവിധേനയോ, ദൈവ-മനുഷ്യൻ ദൈവത്തിൽനിന്നു ചുരുങ്ങിയ സമയത്തേക്ക് വേർപിരിഞ്ഞു. ആ സമയത്ത് "പാപരഹിതനായ-പുത്രനിൽ പാപത്തോടുള്ള ദൈവത്തിന്റെ ക്രോധം പകരുകയും, കൃപയാൽ അവനിൽ വിശ്വസിക്കുന്നവർക്കായി ആ യാഗത്തിൽ അവൻ പ്രസാദിക്കുകയും ചെയ്തു."[14]

യേശുവിന്റെ നിലവിളി ഒരു നഷ്ടത്തിന്റേതായിരുന്നു, അതേസമയം അത് ആശ്രയത്തിന്റേയും പ്രത്യാശയുടേയുമായിരുന്നു. കൈവിടലിന്നുശേഷവും അവൻ നിലവിളിച്ചത് "*എന്റെ* ദൈവമേ" എന്നാണ്, തന്നെ അവസാനം വിടുവിപ്പാൻ കഴിയുന്നവനിലുള്ള ആശ്രയമായിരുന്നു അത്. യേശു ഉദ്ധരിച്ച സങ്കീർത്തനങ്ങൾ 22 ന്റെ പ്രാധാന്യം നാം തിരിച്ചറിയണം, അവിടെ യേശു ഉപയോഗിച്ച സങ്കീർത്തനത്തിലെ വാക്കുകൾ ദൈവത്തിന്റെ വിടുതൽ ആഘോഷിക്കുന്ന വിജയമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വാസ്തവത്തിൽ എബ്രായർ 2:12-ൽ സങ്കീർത്തനങ്ങൾ 22:22 ഉദ്ധരിച്ച് ക്രിസ്തുവിന്റെ വാക്കുകളായിട്ടാണ് പറഞ്ഞിരിക്കുന്നത്: "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും; സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും."

**വാക്യം 47.** യേശു ക്രൂശിൽ തൂങ്ങി കിടന്നു ശ്വാസം കിട്ടാതെ വിഷമിച്ചപ്പോൾ, അവന്റെ സംസാരം മനസിലാക്കുവാൻ പ്രയാസം നേരിട്ടിരിക്കാം. യേശുവിനെ കുറിച്ച് ജെ. ഡബ്ലിയു. മെക്ഗാർവേ പറഞ്ഞു:

> അവൻ ഇപ്പോൾ ഏകദേശം ആറു മണിക്കൂറായി ക്രൂശിൽ കിടക്കുന്നു, കുറെ രക്തം ശരീരത്തിൽനിന്നു പോകുകയും, ശരീരത്തിന്റെ അപ്പോഴത്തെ ഊഷ്മാവും, നെഞ്ചിലെ മാംസപേശികളുടെ സമ്മർദ്ദവും, തീവ്രമായ വേദനയും, ക്രൂശിൽ നീട്ടിപ്പിടിച്ച കൈകളും, കഠിനമായ ദാഹവും എല്ലാം നിമിത്തം ഉച്ചാരണം അവ്യക്തവും, അസ്പഷ്ടവുമായിരിക്കും.[15]

യേശു "എന്റെ ദൈവമേ" (*ഏലി*) എന്നു നിലവിളിച്ചപ്പോൾ, അവിടെ **കൂടിനിന്നവരിൽ ചിലർ** അവന്റെ വാക്കുകൾ തെറ്റിദ്ധരിച്ചു. അവർ പറഞ്ഞു, "**അവൻ ഏലിയാവിനെ വിളിക്കുന്നു.**" ആ പ്രവാചകൻ മരിക്കാതിരുന്നതിനാലും (2 രാജാ. 2:11, 12), "ഏലിയാവ്" വരുമെന്ന് മുന്നറിയിച്ചതിനാലും (മലാ. 4:5), അവൻ ഭൂമിയിലേക്ക് മടങ്ങിവരുമെന്ന് യെഹൂദന്മാർ പ്രതീക്ഷിച്ചിരുന്നു (11:14; 16:14; 17:3 ന്റെ പരാമർശം നോക്കുക). ഞെരുക്കം അനുഭവിച്ച നീതിമാന്മാരെ ഏലിയാവ് വന്നു സഹായിക്കുമെന്ന് അവർ വിശ്വസിച്ചിരുന്നു. അവന്റെ വാക്കുകൾ തെറ്റിദ്ധരിച്ചവർ വിചാരിച്ചത്, അവൻ ഏലിയാവിനെ വിളിച്ചതുകൊണ്ട്, അവൻ വന്നു മരണത്തിൽനിന്നും, ശത്രുക്കളിൽ നിന്നും അവനെ വിടുവിക്കുമെന്നാണ്.

**വാക്യം 48.** ഉടനെ അടുത്തുനിന്നയാളോ അല്ലെങ്കിൽ പടയാളിയോ അവന് കുടിപ്പാൻ കൊടുത്തു. ഏലിയാവ് വരികയാണെങ്കിൽ താൻ അവന്റെ വലത്തുഭാഗത്തുണ്ടായിരിക്കുമല്ലോ എന്ന് അയാൾ വിചാരിച്ചുകാണും. അവൻ പുളിച്ച **വീഞ്ഞ്** ഒരു **സ്പോഞ്ചിൽ** മുക്കി (*ഓക്സോസ്*) കമ്പിന്മൽ തൂക്കി കർത്താവിന്റെ വായിലേക്ക് വീഴ്ത്തി കൊടുത്തു. "എനിക്ക് ദാഹിക്കുന്നു"

എന്ന് അവൻ പറഞ്ഞതിനു ശേഷമായിരുന്നു അത് (യോഹ. 19:28). എന്നാൽ അവൻ കണ്ടിവെണ്ണ കലക്കിയ വീഞ്ഞ് (*ഓയിനോസ്*) നിരസിച്ചു (27:34). അവൻ പുളിച്ച വീഞ്ഞ് കുടിച്ചു (യോഹ. 19:30). ആ സംഭവം സങ്കീർത്തനങ്ങൾ 69:21 പ്രതിഫലിപ്പിക്കുന്നു, അവിടെ പറയുന്നത്, "... എന്റെ ദാഹത്തിന്നു അവർ എനിക്ക് ചൊറുക്ക കുടിപ്പാൻ തന്നു."

അവന്നു കുടിപ്പാൻ കൊടുത്ത വീഞ്ഞ് വിലകുറഞ്ഞതായിരിക്കാം, അത് വെള്ളം ചേർത്തതും, റോമാ പടയാളികൾ ഉപയോഗിച്ചിരുന്നതും ആകാം (ലൂക്കൊ. 23:36 നോക്കുക). അത് വെള്ളം ചേർത്തതിനാൽ യേശുവിന്റെ ദാഹം ശമിക്കുകയും, അവന്റെ ചുണ്ട് നനയുന്നതിനാൽ പറയുന്നത് കേൾക്കുന്നവർക്ക് കൂടുതൽ മനസിലാകുവാനും കഴിയും.

**വാക്യം 49.** സ്പഷ്ടമായും, **ശേഷമുള്ളവർ** അവൻ ഏലിയാവേ വിളിക്കുന്നു എന്നു വിചാരിച്ചവർ ശ്രദ്ധിച്ചു. അവർ പറഞ്ഞു, "**ഏലിയാവ് അവനെ രക്ഷിപ്പാൻ വരുമോ എന്നു നോക്കാം.**" പ്രവാചകൻ വാസ്തവത്തിൽ മടങ്ങി വരുമെന്ന് അവർ വിചാരിച്ചേക്കാം അല്ലെങ്കിൽ അവർ യേശുവിനെ പരിഹസിച്ചതുമാകാം.

**വാക്യം 50.** ഇതു കഴിഞ്ഞ ഉടനെ, യേശു അത്യുച്ചത്തിൽ വീണ്ടും പറഞ്ഞു, "**പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപിക്കുന്നു.**'' (ലൂക്കൊ. 23:46). "ഏൽപിക്കുക," അല്ലെങ്കിൽ "ഭരമേൽപിക്കുക" (കെജെവി) എന്നതിന് "കീഴ്പ്പെടുത്തുക," "വിട്ടുകളയുക" എന്നീ അർത്ഥങ്ങളാണുള്ളത്. യേശു "ഉറക്കെ" നിലവിളിച്ച വാക്കുകൾ ഒരുപക്ഷെ "അതു നിവൃത്തിയായി" എന്നതായിരിക്കാം (യോഹ. 19:30). ആ വിജയ ശബ്ദത്തെ തുടർന്നു അവൻ തന്റെ "തല ചായ്ച്ചു" (യോഹ. 19:30) **ആത്മാവിനെ ഏൽപിച്ചു കൊടുത്തു.** ചെയ്യുവാനായി അവനെ ഏൽപിച്ച ജോലി അവൻ പൂർത്തിയാക്കി. ആർക്കും തന്റെ ജീവൻ എടുപ്പാൻ കഴിയുകയില്ല, അത് നൽകുവാനും തിരികെ പ്രാപിപ്പാനും തനിക്ക് അധികാരമുണ്ട് എന്ന് യേശു പറഞ്ഞിരുന്നു (യോഹ. 10:15–17). അവൻ തന്റെ പ്രാണനെ മരണത്തിന് ഏൽപിച്ചുകൊടുക്കയും മൂന്നാം നാൾ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു വരികയും ചെയ്തതിനാൽ അവന്റെ വാഗ്ദാനം നിറവേറി.

**വാക്യം 51.** ഉച്ചക്ക് 12.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.00 മണി വരെ ഭൂമിയെ ഇരുട്ട് മൂടി (27:45). ഇരുട്ട് കൂടാതെ, ക്രൂശീകരണ സമയത്ത് മറ്റു അത്ഭുത സംഭവങ്ങളും നടന്നു. ദൈവാലയത്തിലെ വിശുദ്ധ സ്ഥലത്തെയും അതിവിശുദ്ധ സ്ഥലത്തെയും തമ്മിൽ വേർതിരിച്ചിരുന്ന **തിരശീല രണ്ടായി, മേൽതൊട്ട് അടിവരെ കീറിപ്പായി** (പുറ. 26:31–33; എബ്രാ. 9:3). മിഷ്നാ പറയുന്നതനുസരിച്ച്, ആ തിരശീല, "എഴുപത്തി-രണ്ട് ചരടുകളാൽ നെയ്തതായിരുന്നു, ഓരോ ചരടിലും ഇരുപത്തി-നാല് നലുകളുമുണ്ടായിരുന്നു. അതിന് നാൽപതുമുഴം [അറുപത് അടി] നീളവും ഇരുപതു മുഴം [മുപ്പത് അടി] വീതിയും ഉണ്ടായിരുന്നു."[16] ജോസെഫസ് അതിനെ വിവരിച്ചത് "അത് കടുഞ്ചുവപ്പും നീലലോഹിതവുമായ മനോഹരവും മാർദ്ദവുമായ വലിയ ബാബിലോൺ തുണിയായിരുന്നു."[17]

മത്തായി വിവരിച്ചില്ലെങ്കിലും, തിരശീല കീറിയതിന് വലിയ പ്രാധാന്യമുണ്ട്. അത് പഴയനിയമവും, അതിലെ പൗരോഹിത്യവ്യവസ്ഥയും, യാഗ വ്യവസ്ഥയും അവസാനിക്കുന്ന സൂചനയായിരുന്നു. യേശുവിന്റെ പ്രവചനമനുസരിച്ച് (24:1, 2), മൃഗയാഗം അവസാനിപ്പിച്ച്, ദൈവാലയവും എ. ഡി. 70-ൽ

നശിപ്പിക്കപ്പെട്ടു. യേശു മരിച്ചപ്പോൾ, തിരശീല കീറിയത് വ്യക്തമാക്കുന്നത് ദൈവത്തോട് സമീപിക്കുവാൻ അവന്റെ യാഗം ആളുകൾക്ക് ഒരു പുതിയ വഴി ഒരുക്കി എന്നാണ്. തിരശീല ഭാവന എടുത്ത്, യേശു നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനായിരിക്കുന്നു എന്നാണ് എബ്രായ ലേഖകൻ വെളിപ്പെടുത്തിയത്:

> ആ പ്രത്യാശ നമുക്ക് ആത്മാവിന്റെ ഒരു നങ്കൂരം തന്നെ; അതു നിശ്ചയവും സ്ഥിരവും *തിരശീലക്കകത്തേക്ക്* കടക്കുന്നതുമാകുന്നു. അവിടേക്ക് യേശു മൽക്കീസെദേക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പുകൂട്ടി നമുക്ക് വേണ്ടി പ്രവേശിച്ചിരിക്കുന്നു (എബ്രാ. 6:19, 20; എംഫസിസ് ആഡഡ്).

എബ്രായ ലേഖകൻ പിന്നെയും പറഞ്ഞിരിക്കുന്നു, "അതുകൊണ്ട് സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന *തിരശീലയിൽകൂടി* നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിന്നു ധൈര്യവും നമുക്ക് ഉണ്ട്" (എബ്രാ. 10:19, 20; എംഫസിസ് ആഡഡ്).

എഫ്. എഫ്.ബ്രൂസ് തിരശീല കീറിയതിനെ കുറിച്ച് പറഞ്ഞു "അത് വേദശാസ്ത്രപരമായി പ്രാധാന്യമുള്ളതാണ്," പിന്നെ പറഞ്ഞത്, "യേശുവിന്റെ മരണത്തിൽ, ... ദൈവം തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തുകയും, അവനോട് അടുക്കുവാനുള്ള വഴി തുറന്നു നൽകുകയും ചെയ്തു."[18] പഴയനിയമ തടസങ്ങൾ നീക്കുന്നതായിരുന്നു യേശുവിന്റെ യാഗം; അത് യാഗങ്ങൾ അവസാനിപ്പിക്കുന്നതും, ദൈവസന്നിധിയിലേക്ക് അവൻ മുഖാന്തരം പ്രവേശിക്കുവാനുള്ള അവസരവുമായിരുന്നു ഒരുക്കിയത് (കൊലൊ. 2:14; എബ്രാ. 8:13 നോക്കുക).

**പാറ പിളരുന്ന** തരത്തിലുള്ള ഭൂകമ്പമായിരുന്നു യേശു മരിച്ചപ്പോൾ നടന്ന മറ്റൊരു അത്ഭുതം. ഈ അത്ഭുതത്തെ കുറിച്ച് മത്തായി മാത്രമാണ് വിവരിക്കുന്നത്. ഭൂകമ്പമായിരുന്നു ദൈവാലയത്തിലെ തിരശീല കീറുവാൻ കാരണമെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ തിരുവെഴുത്ത് പ്രത്യേകമായി അതു പറയുന്നില്ല.

**വാക്യങ്ങൾ 52, 53. കല്ലറകൾ തുറന്നത്** ഒരുപക്ഷെ ഭൂകമ്പത്തിന്റെ ഫലമായിട്ടായിരിക്കാം. എങ്ങനെയായാലും, മരിച്ചവർ എഴുന്നേറ്റു വന്നതു മറ്റൊരു അത്ഭുതമായിരുന്നു. **മരിച്ച പല വിശുദ്ധന്മാരുടേയും ശരീരം എഴുന്നേറ്റു വന്നു**, എന്നാൽ അവരാരും, യേശു മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു വരുന്നതുവരെ യെരുശലേം **നഗരത്തിൽ** പ്രത്യക്ഷരായിരുന്നില്ല. ആ വ്യക്തികൾ കുറച്ചുകാലം ജീവിക്കുകയും, പിന്നെ മരിക്കുകയും ചെയ്തു. അന്ന് ജീവിച്ചിരുന്നവർക്ക് അത് മനസിലാക്കുവാൻ കഴിഞ്ഞിരുന്നു എന്നു നമുക്ക് അനുമാനിക്കാം; അല്ലെങ്കിൽ അവരുടെ പുനരുത്ഥാനത്തിന് സാക്ഷിയായവർക്ക് അതിന്റെ ഉദ്ദേശം നഷ്ടമാകും. അവരും ലാസറിനെ പോലെ (യോഹ. 11:43, 44; 12:2), അവരുടെ ജീവിത സാഹചര്യത്തിലേക്ക് തിരിച്ചുവന്നു കാണും.

ഇരുട്ട് യേശു പാപത്തെ വഹിക്കുന്നതായി സൂചിപ്പിച്ചു (27:45), ദൈവാലയ തിരശീല കീറിയത്, ദൈവത്തോട് സമീപിക്കുവാനുള്ള അവസരമായി (27:51), വിശുദ്ധന്മാരുടെ പുനരുത്ഥാനം എല്ലാ വിശ്വാസികളും ഭാവിയിൽ നിത്യജീവനായി ഉയർത്തെഴുന്നേൽക്കും എന്നതിന്റെ മുന്നോടിയായിരുന്നു. ഭാവി പുനരു

ത്ഥാനം ഉറപ്പാക്കിയത് യേശുവിന്റെ മരണത്താലും ഉയിർപ്പിനാലുമായിരുന്നു.

**വാക്യം 54.** യേശു മരിച്ചപ്പോൾ സംഭവിച്ച മറ്റു **കാര്യങ്ങളോടൊപ്പം - ഭൂകമ്പവുമുണ്ടായത്** (മർ. 15:39) -ക്രൂശിക്കുവാൻ ചുമതല നൽകിയ **ശതാധിപനെ** വല്ലാതെ സ്വാധീനിച്ചു. അവയുടെ അനന്തരഫലം, **യേശുവിനെ കാത്തിരുന്ന** മറ്റു പടയാളികളിലുമുളവാക്കി. ഒരുപക്ഷെ നൂറു കണക്കിനു ക്രൂശീകരണം കണ്ടിട്ടുള്ള കഠിനഹൃദയരായ ആ പടയാളികൾ ഇവ കണ്ടിട്ട് **ഭയപ്പെട്ട് പറഞ്ഞു, "ഈ മനുഷ്യൻ വാസ്തവത്തിൽ ദൈവപുത്രൻ തന്നെ"** (14:33; 16:16 ന്റെ പരാമർശം നോക്കുക). മർക്കൊസിന്റെ സുവിശേഷത്തിൽ, ആ പ്രസ്താവന ശതാധിപന്റേത് മാത്രമായിട്ടാണ് പറഞ്ഞിരിക്കുന്നത് (മർ. 15:39). യേശു ദൈവമാണെന്ന് അവന്റെ വിശ്വാസ ശബ്ദത്തിൽ കൂടെ മറ്റു പടയാളികളിലേക്ക് എത്തിയിരിക്കണം.

## ദൂരെ നോക്കി നിന്ന സ്ത്രീകൾ
## (27:55, 56)

**[55]ഗലീലയിൽനിന്ന് യേശുവിനെ ശുശ്രൂഷിച്ചുകൊണ്ട് അനുഗമിച്ചുവന്ന പല സ്ത്രീകളും ദുരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു. [56]അവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കൊബിന്റേയും യോസെയുടേയും അമ്മയായ മറിയയും സെബദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു.**

**വാക്യം 55.** ആ വെള്ളിയാഴ്ച്ച ക്രിസ്തുവിനെ ക്രൂശിൽ തറെക്കുന്നത് **പല സ്ത്രീകളും** നിരീക്ഷിച്ചിരുന്നു (മർ. 15:40, 41; ലൂക്കൊ. 23:49; യോഹ. 19:25-27). **അവർ യേശുവിനെ ശുശ്രൂഷിച്ച് ഗലീലയിൽനിന്നു വന്നവരായിരുന്നു.** "ശുശ്രൂഷ" എന്നതിനുള്ള ഗ്രീക്ക് വാക്ക് (*ഡയാക്കൊനെയോ*) "നൽകുക" എന്നും തർജിമ ചെയ്യാം (എൻആർഎസ്വി നോക്കുക) അല്ലെങ്കിൽ "ശ്രദ്ധിക്കുക" (എൻഎൽടി). തങ്ങളുടെ സാമ്പത്തിക ഉറവിടങ്ങളിൽനിന്ന് അവർ യേശുവിനെ സഹായിച്ചിരിക്കാം (ലൂക്കൊ. 8:1-3) അല്ലെങ്കിൽ അവർ അവന് ആഹാരം പാചകം ചെയ്തു കൊടു ത്തിരിക്കാം (ലൂക്കൊ. 10:40). ഒരുപക്ഷെ അതു രണ്ടും അവർ ചെയ്തിരിക്കാം.

ഗെത്ശെമനയിൽനിന്നു ഓടിപ്പോയ അപ്പൊസ്തലന്മാരിൽനിന്നു വ്യത്യസ്തമായി (26:56) ഈ ധൈര്യശാലികളായ സ്ത്രീകൾ യേശുവിനോടുള്ള ഭക്തി പ്രകടിപ്പിച്ചുകൊണ്ട് നിന്നു. വ്യക്തിപരമായ ദുരഭിമാനവും സുരക്ഷിതത്വവും കണക്കിലെടുക്കാതെ അവർ അവസാനത്തോളം അവന്റെ അടുക്കൽ നിന്നു. അവർ **ദൂരത്തുനിന്നായിരുന്നു** നോക്കിയത് എന്നത് ഭയം നിമിത്തമായിരുന്നു എന്ന് ധരിക്കരുത്. ക്രൂശിൽ തറെക്കുന്നതിനോട് തൊട്ടടുത്ത് ആളുകൾ വരാതിരിക്കുന്നതിനു റോമാക്കാർ ആളുകളെ അതിർ തിരിച്ച് നിർത്തിയിരിക്കാം - പ്രത്യേകിച്ച് അവനോട് സഹതാപമുള്ളവർ. ദണ്ഡനം ഏറ്റ കണ്ണുകൾ തിരിച്ച് ക്രൂശിനടുത്ത് നിന്നു വിലപിക്കുന്ന സ്ത്രീകളുടെ കാഴ്ച്ച എത്രത്തോളം സഹതാപമർഹിക്കുന്നതായിരുന്നു എന്നോർക്കുക!

**വാക്യം 56.** ആ സ്ത്രീകളുടെ മനോഹര ലിസ്റ്റാണ് മത്തായി നൽകിയിരിക്കുന്നത്. ആദ്യം നൽകിയത് **മഗ്ദലക്കാരത്തി മറിയ**യുടേതാണ്. അവൾ മഗ്ദലയിൽ നിന്നുള്ളവളാണെന്ന് പേർ തന്നെ സൂചിപ്പിക്കുന്നു (15:39 ന്റെ പരാമർശം നോക്കുക). ലൂക്കൊസ് 8:2 അനുസരിച്ച്, യേശു അവളിൽനിന്നു ഏഴ്

ഭൂതങ്ങളെ പുറത്താക്കിയിരുന്നു. അവളുടെ ജീവിതത്തിൽ അവൻ ചെയ്ത പ്രവൃത്തികളോടുള്ള നന്ദി സൂചിപ്പിക്കുന്നതായിരുന്നു അവളുടെ പ്രവൃത്തി. (27:61; 28:1 ന്റെ പരാമർശം നോക്കുക).

മറ്റൊരു **മറിയ**യെ കുറിച്ചും പറയുന്നു; അവൾ **യാക്കോബിന്റേയും യോസെയുടേയും അമ്മയായിരുന്നു**. "അവൾ ചെറിയ യാക്കൊബിന്റേയും യോസെയുടേയും അമ്മയായിരുന്നു" എന്ന് മർക്കൊസ് 15:40 വ്യക്തമാക്കുന്നു. അവൾ യോഹന്നാൻ 19:25-ൽ പറയുന്ന ക്ലെയോപ്പാവിന്റെ ഭാര്യ ആയിരുന്നേക്കാം.

പിന്നെയുണ്ടായിരുന്ന സ്ത്രീ **സെബദിപുത്രന്മാരുടെ അമ്മയായിരുന്നു,** അതായത്, യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മ (4:21, 22 ന്റെ പരാമർശം നോക്കുക). മർക്കൊസിൽ, അവൾ ശലോമി എന്നാണ് അറിയപ്പെടുന്നത് (മർ. 15:40; 16:1). അവളായിരുന്നു യേശുവിന്റെ അടുക്കൽവന്ന് തന്റെ മക്കൾക്കായി രാജ്യത്തിലെ സ്ഥാനങ്ങൾ ആവശ്യപ്പെട്ടത് (20:20-23).

ലൂക്കൊസ് 23:49 അനുസരിച്ച്, മറ്റു "അനുഗമിച്ചവർ" ദൂരത്തുനിന്നു "ഇവയെല്ലാം നോക്കിയിരുന്നു." യോഹന്നാൻ 19:26, 27 സൂചിപ്പിക്കുന്നത് പ്രിയ ശിഷ്യൻ യോഹന്നാനോടൊപ്പം യേശുവിന്റെ അമ്മ മറിയയും "അടുത്തുതന്നെ നിന്നിരുന്നു" എന്നാണ്.

യേശുവിന്റെ അനുയായികൾ അവിശ്വാസത്തിലും ഭയപ്പാടിലുമായിരുന്നു - കാരണം അവർ യേശു മരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല - പ്രത്യേകിച്ച് അത്തരത്തിൽ. അവൻ മരിക്കുമെന്ന് ഏതാണ്ട് ഉറപ്പായപ്പോൾ, ഏതാനും സ്ത്രീകളൊഴിച്ച് എല്ലാവരും ഓടിപ്പോയി (27:61; ലൂക്കൊ. 23:55), ഒരുപക്ഷെ അവനിൽ പ്രത്യാശവെച്ചിരുന്നത് അവർക്ക് നിരാശയായി മാറിയതുകൊണ്ടാകാം.

## പാഠങ്ങൾ

### യേശു ക്രൂശിനെ മനസോടെ നേരിട്ടു (27:33-50)

ക്രൂശിനെ കുറിച്ച് കൂടുതൽ പഠിക്കുന്തോറും, നമുക്ക് വേണ്ടി നമ്മുടെ രക്ഷൻ അനുഭവിച്ച ത്യാഗത്തെ ഓർത്ത് അവനെ നാം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യും. ക്രൂശിനെ കുറിച്ച് നാം പഠിക്കുമ്പോൾ, അത് യാദൃശ്ചികമായി സംഭവിക്കുന്ന ഒരു തെറ്റായിട്ടല്ല, പിന്നെയോ ദൈവത്തിന്റെ നിത്യ പദ്ധതിയായിരുന്നു എന്നു മനസിലാകും. യേരുശലേമിന്റെ കുന്നിൻചെരുവിൽ സംഭവിക്കുവാനിരുന്ന ഒരു കുരിശ് ദൈവത്തിന്റെ മനസിൽ പണ്ടേ ഉണ്ടായിരുന്നു (എഫെ. 1:3, 4: 2 തിമൊ. 1:9; 1 പത്രൊ. 1:19, 20).

തന്റെ തികഞ്ഞ നീതിയും ദിവ്യസ്നേഹവും ദൈവം മറ്റേതൊരു വിധത്തിലാണ് നമ്മോട് പ്രകടിപ്പിക്കുക (റോമർ 3:24-26)? യേശു പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ വന്നതുകൊണ്ട്, യേശു ക്രൂശിനെ കണ്ടത് അനിവാര്യമായിട്ടായിരുന്നു (16:21-23). താൻ ദൈവത്തിന്റെ ദാസനാണെന്ന് മനസിലാക്കിയതുകൊണ്ട്, യേശു സ്വയമായി ക്രൂശ് സ്വീകരിച്ചു.

### യേശുവിനെ ക്രൂശിൽ പിടിച്ചുനിർത്തിയതെന്താണ്? (27:40)

റോമൻ പടയാളികൾ യേശുവിനെ ക്രൂശിൽ കിടത്തി അവന്റെ കൈകളിൽ ആണിയടിച്ചു (യോഹ. 20:25 നോക്കുക). എന്നാൽ മറ്റുള്ളവർ "നീ ദൈവപുത്രനെങ്കിൽ ക്രൂശിൽനിന്നു ഇറങ്ങി വാ" എന്നു പറഞ്ഞപ്പോൾ, എന്താണ്

അവനെ ക്രൂശിൽ തന്നെ പിടിച്ചു നിർത്തിയത് (27:40)? ആണിയായിരുന്നില്ല യേശുവിനെ ക്രൂശിൽ നിർത്തിയിരുന്നത് (26:53; യോഹ. 10:17, 18), മറിച്ച് പിതാവിന്റെ ഇഷ്ടമായിരുന്നു (26:39). മരിക്കുന്നതുവരെ യേശു ക്രൂശിൽ തന്നെയായിരുന്നത് നിത്യമായ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാനായിരുന്നു (ഫിലി. 2:5–11). "മുൻപിൽ വെച്ചിരിക്കുന്ന സന്തോഷം" നിമിത്തമായിരുന്നു അവൻ ക്രൂശിനെ സഹിച്ചത് (എബ്രാ. 12:2). നമുക്ക് വേണ്ടി കാണിച്ച ആ മഹാസ്നേഹത്തോടുള്ള പ്രതികരണമായി, സാത്താൻ നമുക്ക് എതിരെ എന്തെല്ലാം തടസങ്ങൾ സൃഷ്ടിച്ചാലും നാം അവന്റെ രാജ്യത്തിൽ ക്രിസ്തുവിനോടുള്ള വിശ്വസ്തതയും ദൈവത്തോടുള്ള സ്നേഹവും അവസാനത്തോളം പിടിച്ചുകൊള്ളണം.

**ക്രൂശിലെ യേശുവിന്റെ ഏഴു പ്രസ്താവനകൾ (27:46)**

ക്രൂശിൽ വെച്ച് യേശു നടത്തിയ ഒരു പ്രസ്താവന മാത്രമാണ് മത്തായി രേഖപ്പെടുത്തിയിരിക്കുന്നത്. എങ്ങനെയായാലും, എല്ലാ സുവിശേഷങ്ങളും പരിശോധിച്ചാൽ, യേശു സംസാരിച്ച ഏഴു പ്രസ്താവനകൾ നമുക്ക് ലഭിക്കും:

1. "പിതാവേ, ഇവർ ചെയ്യുന്നത് എന്ത് എന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" (ലൂക്കൊ. 23:34).
2. "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കുമെന്ന് സത്യമായിട്ടു ഞാൻ നിന്നോട് പറയുന്നു" (ലൂക്കൊ. 23:43).
3. " 'ഇതാ നിന്റെ മകൻ!' ... 'ഇതാ നിന്റെ അമ്മ!' " (യോഹ. 19:26, 27).
4. "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" (മത്താ. 27:46; മർ. 15:34).
5. "എനിക്ക് ദാഹിക്കുന്നു" (യോഹ. 19:28).
6. "അത് നിവൃത്തിയായി" (യോഹ. 19:30).
7. "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഏൽപിക്കുന്നു" (ലൂക്കൊ. 23:46).

ഡേവിഡ് സ്റ്റുവർട്ട്

**എന്താണ് "പറുദീസ?" (27:50)**

വെള്ളിയാഴ്ച്ച രാത്രി മുതൽ ഞായറാഴ്ച്ച പ്രഭാതം വരെ മൂന്നു-നാൾ യേശുവിന്റെ ആത്മാവ് എവിടെയോ ആയിരുന്നു. എവിടെ? അവൻ തന്റെ ആത്മാവിനെ തൃക്കരങ്ങളിൽ ഏൽപിച്ചുവെങ്കിലും (ലൂക്കൊ. 23:46), ആ സമയത്ത് അവൻ സ്വർഗത്തിലേക്ക് പോയിരുന്നില്ല (യോഹ. 20:17). മാനസാന്തരപ്പെട്ട കള്ളനോട് അവൻ പറഞ്ഞു, "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" (ലൂക്കൊ. 23:43). "പറുദീസ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പാരാഡെയിസോസ്*) അർത്ഥമാക്കുന്നത് "മനോഹരമായ തോട്ടം" എന്നാണ്. പക്ഷെ എവിടെയാണ് പറുദീസ? ഇരുണ്ട ശവക്കല്ലറയല്ല യേശു പറഞ്ഞ പറുദീസ.

ഭൂമിയിലെ ജഡിക ജീവിതത്തിനും ആളുകളുടെ ആത്മാക്കൾ അവസാനം എത്തിച്ചേരുന്ന സ്ഥാനത്തിനുമിടക്കുള്ള ഒരു സ്ഥാനത്തെ കുറിച്ച് പുതിയനിയമം പറയുന്നു. ആ സ്ഥലത്തിന്റെ പേരാണ് "പാതാളം." അത് അദൃശ്യമായ ആത്മാക്കളുടെ സ്ഥാനം അഥവാ ശരീരം വിട്ട ആത്മാക്കളുടെ സ്ഥാനം. ആത്മാക്കളുടെ ആ താൽക്കാലിക സ്ഥാനത്തെ കുറിച്ച് യേശു ലാസറിന്റേയും

ധനവാന്റേയും ഉപമയിൽ പറയുകയുണ്ടായി (ലൂക്കൊ. 16:19–31).

നീതിമാന്മാരും നീതികെട്ടവരും പാതാളത്തിലേക്ക് പോകും, എന്നാൽ രണ്ടുകൂട്ടരും ഒരു സ്ഥലത്തായിരിക്കുകയില്ല. യേശുവിന്റെ ഉപമയിൽ, യാചകനായിരുന്ന ലാസർ, അബ്രഹാമിന്റെ മടിയിലായിരുന്നുവെങ്കിൽ, ധനവാൻ "യാതനാസ്ഥലത്ത്" ആയിരുന്നു (ലൂക്കൊ. 16:22, 23). രണ്ടുപേർക്കുമിടയിൽ വലിയോരു പിളർപ്പുണ്ടായിരുന്നു (ലൂക്കൊ. 16:26). യേശു മരിച്ചപ്പോൾ അവൻ പറുദീസയിലേക്ക് പോയി (ലൂക്കൊ. 23:43). അപ്പോൾ, പാതാളത്തിൽ രണ്ട് സ്ഥാനങ്ങളുണ്ട്, ഒന്ന് യാതനാ സ്ഥലവും, മറ്റൊന്നു ആശ്വാസ സ്ഥലവും. പുനരുത്ഥാന ദിവസം, പാതാളം അതിലെ മരിച്ചവരെ നൽകും (വെളി. 20:13). യാതനാ സ്ഥലത്തുള്ളവരെ നരകത്തിലേക്ക് തള്ളിക്കളയും, എന്നാൽ പറുദീസയിലുള്ളവരെ സ്വർഗത്തിലേക്കും അയക്കും.

---

കുറിപ്പുകൾ

[1]ക്രൂശിക്കുവാനുള്ള നേരെയുള്ള തടി പലപ്പോഴും തറയിൽ ഉറപ്പിച്ചിരിക്കും. അവിടെയെത്തുമ്പോൾ, കുറ്റവാളിയുടെ കൈകൾ കെട്ടിയോ ആണിയടിച്ചോ വിലങ്ങനെയുള്ള തടിയിൽ ബന്ധിപ്പിക്കും, അത് ഉയർത്തി നേരെയുള്ള തടിയിൽ കാലുകൾ ബന്ധിപ്പിച്ച് നിർത്തും. [2]പ്ലൂടാർക് *മൊറാലിയ* 554ബി. [3]ജോസെഫസ് *എഗെൻസ്റ്റ് അപിയോൻ* 2.4. [4]മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യു*," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗൺസ് കമെന്ററി*, വാല്യം 1. *മാത്യു, മാർക്ക്, ലൂക്ക്*. എഡി. ക്ലിന്റൺ ഈ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 178; ഡേവിഡ് പെയിൻ, "ഗൊൽഗോഥാ," *ഇൻ ദ ഇന്റർനാഷ്ണൽ സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റെവ. എഡി. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1982), 2:523–24. [5]താൽമൂദ് *സാൻഹാദ്രിൻ* 43ഏ; നോക്കുക സദൃശ. 31:6. [6]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 162. മെറ്റ്സ്ജർ, 57–58, 153. [7]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 717. [8]ജി ബെർട്രാം "*പാറ്റസോ*" ഇൻ *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യൂടെസ്റ്റമെന്റ്*, എഡി. ജെർഹാർഡ് കിറ്റെൽ ആന്റ് ജെർഹാർഡ് ഫ്രയഡ്റിച്ച് അബർ ആന്റ് ട്രാൻസ്. ജെഫ്രി. ഡബ്ലിയു. ബ്രോമിലെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1985), 758. [9]സങ്കീർത്തനങ്ങൾ 22–ൽ മുൻപുള്ള വാകൃത്തിൽ വാഗിങ് ദ ഹെഡ് എന്നാണ് (27:39 ന്റെ പരാമർശം നോക്കുക). [10]നോക്കുക *വിസ്ഡം ഓഫ് സോളമൻ* 2:17–20.

[11]നാലാമത് ഒരു സംഘത്തെ കുറിച്ച് ലൂക്കൊസ് പറയുന്നു, അത് പടയാളികളുടെ സംഘമാണ് (ലൂക്കൊ. 23:36, 37). [12]സുവിശേഷ വിവരണങ്ങളെ ഉദ്ധരിച്ച്, ഒറീജെൻ ക്രിസ്തുവിനെ ക്രൂശിച്ചപ്പോൾ ഉണ്ടായ ഇരുട്ടിന്റെ ചരിത്രപരമായ അവസ്ഥയെ വിവരിക്കുന്നു (ഒറീജെൻ *എഗൻസ്റ്റ് സെൽസസ്* 2.33). പൊന്തിയൊസ് പിലാത്തൊസ് എഴുതി എന്നവകാശപ്പെട്ട് ഇതിനെ സ്വീഡെപ്പിഗ്രാഫെൽ ലെറ്റർ ആയി സംരക്ഷിച്ചിരിക്കുന്നു (*ലെറ്റർ ഓഫ് പൈലറ്റ് ടു ടൈബീരിയസ്*.) [13]തെർത്തുല്യൻ *അപോളജി* 1.21. [14]ജോൺ മാക് ആർദർ. ജൂനിയർ., *ദ മാക് ആർദർ ന്യു ടെസ്റ്റമെന്റ് കമെന്ററി*: മാത്യു 24–28 (ഷിക്കാഗോ: മൂഡി പ്രസ്, 1989), 270. [15]ജെ. ഡബ്ലിയു. മെക്ഗാർവേ, *ദ ന്യൂടെസ്റ്റമെന്റ്*

*കമെന്ററി*, വാല്യം. 1, മാത്യു ആന്റ് മാർക്ക് (എൻ.പി. 1875; റീപ്രിന്റ് ഡിലൈറ്റ് ആർക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 246. [16]മിഷ്നാ *ഷെക്കാലിം* 8.5. [17]ജോസെഫസ് *വാഴ്സ്* 5.5.4. [18]എഫ്. എഫ്.ബ്രൂസ്, *ദ എപ്പിസ്റ്റിൽസ് ടു ദ ഹീബ്രൂസ്*, ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1964), 246.